**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6590** **21-03-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി പി.ഡബ്ല്യൂ.ഡി. കെട്ടിട നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തരൂർ നിയോജക മണ്ഡലത്തിലെ വടക്കഞ്ചേരി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | **തരൂർ നിയോജക മണ്ഡലത്തിലെ വടക്കഞ്ചേരി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ അനക്സ്ചർ ബ്ലോക്കിന്റെ നിർമ്മാണത്തിൽ അനുവദിച്ച തുകയ്ക്കുള്ള പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് അധിക തുക ആവശ്യമായി വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അധിക തുക ആവശ്യമായി വന്നിട്ടുണ്ട്. കെട്ടിടത്തിന്റെ പ്രവർത്തനത്തിന് അത്യാവശ്യമായതും മേൽ പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ചില ഫിനിഷിംഗ് പ്രവൃത്തികൾ, കെട്ടിടത്തിന്റെ ലാൻഡ് സ്കേപ്പിംഗ് പ്രവൃത്തികൾ, ഫർണീച്ചറുകൾ വാങ്ങൽ, അഡീഷണൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയ്ക്കുള്ള 108.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ചിരുന്നു.<br><br>ഈ പ്രവൃത്തിയ്ക്ക് നടപ്പ് ധനകാര്യ വർഷം ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| (സി) | അധിക തുക ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട വകുപ്പ് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | അധിക തുക ആവശ്യമായി വന്നിട്ടുണ്ട്. കെട്ടിടത്തിന്റെ പ്രവർത്തനത്തിന് അത്യാവശ്യമായതും മേൽ പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ചില ഫിനിഷിംഗ് പ്രവൃത്തികൾ, കെട്ടിടത്തിന്റെ ലാൻഡ് സ്കേപ്പിംഗ് പ്രവൃത്തികൾ, ഫർണീച്ചറുകൾ വാങ്ങൽ, അഡീഷണൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയ്ക്കുള്ള 108.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ചിരുന്നു.<br>ഈ പ്രവൃത്തിയ്ക്ക് നടപ്പ് ധനകാര്യ വർഷം ബഡ്ജറ്റ് |

| | | | |
|---|---|---|---|
| | | | പ്രൊവിഷൻ ഇല്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ